"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - പത്തനംതിട്ട ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ അഡ്വ.രാജീവ്.എൻ-നെ ബാലനീതി മാതൃകാചട്ടം 2016-ലെ ചട്ടം 15 ഉപചട്ടം 4D പ്രകാരം അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.298/2025/WCDD തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. 16.06.2022-ലെ സ.ഉ (പി) നം.8/2022/വ.ശി.വി.വ നമ്പർ ഉത്തരവ്.
2. വനിത ശിശു വികസന വകുപ്പ് ഡയറക്ടർ 09.04.2025-ലെ DWCD/7413/2024-NCA നം.കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്
3. 05.06.2025-ലെ WCD-C2/76/2025-WCD നമ്പർ സർക്കാർ കത്ത്.
4. പത്തനംതിട്ട ജില്ലാ കളക്ടർ 12.06.2025-ലെ DCPTA/2942/2025-B2 നം.കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്

**ഉത്തരവ്**

ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ പുതിയ ചെയർപേഴ്സൺ, മെമ്പർമാർ എന്നിവരെ ഉൾപ്പെടുത്തികൊണ്ട് പരാമർശം (1) പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചിരുന്നു. ആയതിൻ പ്രകാരം അഡ്വ.രാജീവ്.എൻ-നെ പത്തനംതിട്ട ജില്ലയിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ചെയർപേഴ്സണായി നിയമിച്ചിരുന്നു.

2) പത്തനംതിട്ട ജില്ലയിൽ ലൈംഗീക അതിക്രമം നേരിട്ട കുട്ടിയുടെ സ്വകാര്യതയെ ബാധിക്കുന്ന വിവരം പത്തനംതിട്ട ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ പത്രമാധ്യമങ്ങളോട് വെളിപ്പെടുത്തിയ സംഭവത്തിൽ കമ്മിറ്റിയിലെ ചെയർപേഴ്സണായ അഡ്വ.രാജീവ്.എൻ-ന് എതിരെ ഉയർന്നു വന്ന പരാതി സംബന്ധിച്ച് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വിഷയം പരിശോധിച്ച് അഡ്വ.രാജീവ്.എൻ-ന് എതിരെ ഉയർന്നു വന്ന പരാതികൾ, ബാലനീതി നിയമം വകുപ്പ് 27 (10) പ്രകാരം ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ ഗ്രീവിയൻസ് റിഡ്രസൽ അതോറിറ്റി എന്ന നിലക്ക് സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ, പത്തനംതിട്ട ജില്ല കളക്ടർക്ക് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

3) പത്തനംതിട്ട ജില്ലയിൽ ലൈംഗീക അതിക്രമം നേരിട്ട കുട്ടിയുടെ പൊതുവായ കുടുംബ പശ്ചാത്തലം, കുട്ടിയുടെ അമ്മയുടെ തൊഴിൽ, അച്ഛന്റെ തൊഴിൽ, സഹോദരിയെ പറ്റിയുള്ള

സൂചന, വീടിനെ പറ്റിയുള്ള പരാമർശം, ഏത് ജാതി വിഭാഗത്തിൽ പെടുന്നു എന്നത് സംബന്ധിച്ച സൂചന തുടങ്ങിയ കാര്യങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ അഡ്വ.രാജീവ്.എൻ മാധ്യമങ്ങളോട് പറഞ്ഞിട്ടുള്ളതാണെന്ന് വ്യക്തമായിട്ടുണ്ടെന്നും ആയത് പറഞ്ഞിരുന്നതാണെന്നു ടിയാൻ വിചാരണ സമയത്തു സമ്മതിച്ചിട്ടുള്ളതാണെന്നും പത്തനംതിട്ട ജില്ല കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4). കൂടാതെ പത്തനംതിട്ടയിലെ തന്നെ ലൈംഗീക അതിക്രമം നേരിട്ട മറ്റൊരു കുട്ടിയുടെ കേസുമായി ബന്ധപ്പെട്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് സമർപ്പിച്ച പരാതികളിന്മേലുള്ള നടപടി അകാരണമായി വൈകിപ്പിച്ചതും, അതിജീവിതയുടെ മൊഴി രേഖപ്പെടുത്തുന്നതിനും FIR രജിസ്റ്റർ ചെയ്യുന്നതിനും മുൻപായി പ്രതിക്കും പ്രതിയുടെ അടുത്ത ബന്ധുവിനും അതിജീവിതയെ കമ്മിറ്റി ഓഫീസിൽ സന്ദർശിക്കുന്നതിനുള്ള സാഹചര്യമൊരുക്കിയതും യഥാസമയം പോലീസിൽ വിവരം നൽകാത്തതും വഴി ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഗുരുതര വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ കോൾ റെക്കോർഡുകൾ, വൈകിയ നടപടിക്രമങ്ങൾ എന്നിവ ഈ വിഷയത്തിൽ ചെയർപേഴ്സൺ അഡ്വ.രാജീവ്.എൻ-ന്റെ ഭാഗത്തുനിന്നും പ്രതിയ്ക്ക് അനുകൂലമായി ഉണ്ടായ ഇടപെടലുകൾ ചൂണ്ടിക്കാണിക്കുന്നതായും പത്തനംതിട്ട ജില്ല കളക്ടർ അറിയിച്ചിട്ടുണ്ട്.

5) സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, പത്തനംതിട്ട ജില്ല ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ അഡ്വ.രാജീവ്.എൻ നെ ബാലനീതി മാതൃകാചട്ടം 2016-ലെ ചട്ടം 15 ഉപചട്ടം 4D പ്രകാരം അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം

അഡ്വ.രാജീവ്.എൻ, ചെയർപേഴ്സൺ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, പത്തനംതിട്ട

ചൈൽഡ് വെൽഫെയർ കമ്മിറ്റി, പത്തനംതിട്ട

അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Signed by Hena. R Raj**
**Date: 24-06-2025 20:02:12**